വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്. അമേരിക്ക, ബ്രിട്ടൻ, യു. എ. ഇ., യൂറോപ്യൻ രാജ്യങ്ങൾ, ജർമ്മനി, സൗത്ത് ആഫ്രിക്ക, മിഡിൽ ഈസ്റ്റ് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് പ്രധാനമായും റെഡിമെയ്ഡ് വസ്ത്രങ്ങൾ കയറ്റി അയയ്ക്കുന്നത്.

(ബി) കൈത്തറി ഉല്പന്നങ്ങൾ ഉൾപ്പെടെ ഏകദേശം 341 കോടി രൂപയ്ക്കുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ പ്രതിവർഷം സംസ്ഥാനത്തു നിന്നും കയറ്റി അയയ്ക്കുന്നതായി കണക്കാക്കുന്നു.

(സി) ഉണ്ട്. പൊതു മേഖലയിലും സഹകാര്യ മേഖലയിലും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തിന് നിരവധി ആനുകൂല്യങ്ങൾ നൽകി വരുന്നു. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം വിപുലമായ രീതിയിൽ നടത്തുന്നതിനായി കിൻഫ്ര തിരുവനന്തപുരത്ത് ഒരു അപ്പാരൽ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങൾ

*7 [608] ശ്രീ. പി. സി. ജോർജ്:
„ ടി. കെ. ബാലൻ:
„ പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങളെക്കുറിച്ച് പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഏതെല്ലാം മേഖലയിലെ സംഘങ്ങളെക്കുറിച്ചാണ് പഠിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സംസ്ഥാനത്ത് ഓരോ മേഖലയിലും ഇതിനകം രജിസ്റ്റർ ചെയ്ത സംഘങ്ങളിൽ പ്രവർത്തനം നിലച്ചു പോയവയുടെ ശതമാന കണക്ക് വെളിപ്പെടുത്തുമോ;

(സി) സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പുതുതായി എന്തെങ്കിലും പരിപാടി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) കടലാസ് സംഘങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന എല്ലാ സംഘങ്ങളെയും ലിക്വിഡേറ്റ് ചെയ്യുന്നതിനും അത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്യാതിരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗം സഹകരണ സംഘങ്ങളെ കുറിച്ചും പഠനം നടത്തിയിട്ടില്ല. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെപ്പറ്റി പഠിക്കുന്നതിന് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തുകയും അവർ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വായ്പാ മേഖലയിൽ 4.16%, മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് മേഖലയിൽ 33.85%, കൺസ്യൂമർ മേഖലയിൽ 10.68%, ആശുപത്രി മേഖലയിൽ 35.06%, എസ്. സി./എസ്. റ്റി മേഖലയിൽ 22.32%, വിദ്യാഭ്യാസ മേഖലയിൽ 7.78%, ലേബർ കോൺട്രാക്ട് മേഖലയിൽ 29.25%, വനിതാ മേഖലയിൽ 23.11%, മറ്റു മേഖലയിൽ 25.21%-ഉം സംഘങ്ങളുടെ പ്രവർത്തനം നിലച്ചിട്ടുണ്ട്.

(സി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ആദ്യപടിയായി സംഘം സെക്രട്ടറി/പ്രസിഡന്റ് മാർക്കുവേണ്ടി വർക്ക്ഷോപ്പുകൾ നടത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവർത്തന സാദ്ധ്യത ഉണ്ടെന്ന് സഹകരണ രജിസ്ട്രാർക്ക് ബോധ്യമായാൽ മാത്രമേ സംഘം രജിസ്റ്റർ ചെയ്യുകയുള്ളൂ.

ലോഹറമണലിൽ അടങ്ങിയ മൂലകങ്ങൾ

*8 [609] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ ഡി. സുഗതൻ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ലോഹറമണലിൽ എന്തെല്ലാം തരത്തിലുള്ള മൂലകങ്ങൾ അടങ്ങിയിട്ടുണ്ട്;

(ബി) അവയിൽ നിന്ന് എന്തെല്ലാം വിധത്തിലുള്ള മൂലകങ്ങൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ വേർതിരിച്ചെടുക്കുന്നുണ്ട്;

(സി) ബാക്കി മൂലകങ്ങൾ വേർതിരിച്ചെടുക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) അവ വേർതിരിച്ചെടുക്കുന്നത് ലാഭകരമാണോ എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) മോണൈസൈറ്റ്, ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ, ഗാർനെറ്റ്, സിലിമനൈറ്റ്, ല്യൂക്കോക്സീൻ എന്നിവയാണ് സംസ്ഥാനത്തെ ലോഹറമണലിൽ അടങ്ങിയിട്ടുള്ള പ്രധാന ഘടകങ്ങൾ.

(ബി) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ. എം. എം. എൽ. ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്നതിലേക്ക് ഇൽമനൈറ്റ് വേർതിരിച്ചെടുക്കുന്നുണ്ട്. ഇതുകൂടാതെ സിർക്കോണും റൂട്ടൈലും വേർതിരിച്ചെടുക്കുന്നുണ്ട്.

(സി) ഗാർനൈറ്റ് ഒഴികെ മറ്റെല്ലാ മൂലകങ്ങളും ഐ. ആർ. ഇ. എൽ.-ൽ വേർതിരിക്കുന്നുണ്ട്. ഗാർനൈറ്റ് വേർതിരിച്ചെടുക്കുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly